**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂലൈ 23

# വാർത്താക്കുറിപ്പ്

## ജലശുദ്ധീകരണം: എം.ജി.യുടെ പങ്കാളിത്തത്തോടെ സ്വീഡിഷ് ഗവേഷണ പദ്ധതി

മലിനജലം ശുദ്ധീകരിച്ച് ഉപയോഗയോഗ്യമാക്കുന്നതിന് സ്വീഡനിലെ പ്രശസ്ത ലുണ്ട് യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന സുപ്രധാനമായ ഒരു ഗവേഷണപദ്ധതി മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പങ്കാളിത്തത്തോടെ നടത്തുന്നതിന് ഇരു സർവ്വകലാശാലകളും ധാരണയായി. എം.ജി. സർവ്വകലാശാലക്ക് ഇതിനാവശ്യമായ തുക അനുവദിക്കുന്നതിനും തീരുമാനമായി. ഇന്ത്യ, സ്വീഡൻ, ഈജിപ്റ്റ് എന്നീ രാജ്യങ്ങൾ കേന്ദ്രമായാണ് ബൃഹത്തായ ഈ ഗവേഷണ പദ്ധതി നടപ്പാക്കുക.

നാനോ-പോളിമർ ശാസ്ത്ര രംഗത്തെ അറിയപ്പെടുന്ന ശാസ്ത്രജ്ഞനും ഗവേഷകനുമായ മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസാണ് ഇന്ത്യയിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക. അദ്ദേഹത്തെ കൂടാതെ പ്രൊഫ. ഇ.കെ. രാധാകൃഷ്ണൻ, ഡോ. ഹന്ന ജെ. മരിയ, ഗവേഷകരായ സില്ല ജോർജ് രാജു, കരൺ സാറാ സജീവ് എന്നിവരും ഗവേഷണ പദ്ധതിയിൽ ഭാഗഭാക്കാവും.

മലിനജലം അഴുക്കുകൾ നീക്കി പൂർണ തോതിൽ സംസ്ക്കരിച്ചെടുക്കുന്നതിനുള്ള പ്രത്യേക സ്തരങ്ങൾ പോളിമർ നാനോ സാമഗ്രികൾ ഉപയോഗിച്ച് വികസിപ്പിച്ചെടുക്കുന്നതിനാണ് രണ്ട് വർഷത്തെ ഈ ഗവേഷണ പദ്ധതി ലക്ഷ്യമിടുന്നത്.

ഈജിപ്റ്റിലെ നാഷണൽ റിസർച്ച് സെന്ററും പദ്ധതിയിൽ പങ്കാളികളാണ്. സ്വീഡനിൽ പ്രൊഫ. ഫ്രാങ്ക് ലിപ്നിസ്കിയും ഈജിപ്റ്റിൽ പ്രൊഫ. മാർവാ ഷലാബിയും ഗവേഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.

(പി.ആർ.ഒ./39/974/2022)

## ജെ.ആർ.എഫ്. ഒഴിവ്

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിന്റെയും ടി.ഇ.പി.ഒ.എഫ്.ഒ.എൽ. ലിമിറ്റഡിന്റെയും സംയുക്ത സംരംഭമായ 'ഫയർ റെസിസ്റ്റന്റ് പോളിത്തിലീൻ ഫോം' എന്ന ഗവേഷണ പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു ജൂനിയർ റിസർച്ച് ഫെലോയുടെ താത്ക്കാലിക ഒഴിവുണ്ട്. നിയമനം മൂന്ന് വർഷത്തേക്കായിരിക്കും. അപേക്ഷകർ എം.ടെക്. പോളിമർ ടെക്നോളജി/ എം.എസ്. നാനോസയൻസ്, എം.എസ്.സി. (പോളിമർ സയൻസ്. പോളിമർ കെമിസ്ട്രി) തുടങ്ങിയവയിലേതെങ്കിലും യോഗ്യതയുള്ളവരായിരിക്കണം. പ്രതിമാസം 30000 രൂപ വേതനം ലഭിക്കും. താത്പര്യമുള്ളവർ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എന്നിവ സഹിതം ആഗസ്റ്റ് അഞ്ചിനകം materials@mgu.ac.in എന്ന ഇ-മെയിൽ മുഖേന അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8281082083.

(പി.ആർ.ഒ./39/975/2022)

## എം.ജി. ബിരുദ/ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കുള്ള ഏകജാലകം: ഓൺലൈൻ രജിസ്ട്രേഷൻ ആഗസ്റ്റ് മൂന്ന് വരെ

എം.ജി. സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തുന്ന ബിരുദ/ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആഗസ്റ്റ് മൂന്ന് വരെ നടത്താം. സാധ്യതാ അലോട്ട്മെന്റ് ആഗസ്റ്റ് ഒമ്പതിനും ഒന്നാം അലോട്ട്മെന്റ് ആഗസ്റ്റ് 17 നും പ്രസിദ്ധീകരിക്കും. സ്പോർട്ട്സ് / കൾച്ചറൽ / വികലാംഗ ക്വാട്ടകളിലേക്ക് അപേക്ഷിക്കുന്നവർക്ക് ജൂലൈ 29 വരെ അവസരമുണ്ടായിരിക്കും. ഇതിലേക്കുള്ള താത്കാലിക റാങ്ക് ലിസ്റ്റ് ആഗസ്റ്റ് രണ്ടിനും അന്തിമ റാങ്ക് ലിസ്റ്റ് നാലിനും പ്രസിദ്ധീകരിക്കും. സ്പോർട്ട്സ് / കൾച്ചറൽ / വികലാംഗ ക്വാട്ടകളിലേക്കുള്ള പ്രവേശനം ആഗസ്റ്റ് നാല്, അഞ്ച് തീയതികളിൽ അതത് കോളേജുകളിൽ നടത്തും.

(പി.ആർ.ഒ./39/976/2022)

## പുതുക്കിയ പരീക്ഷാ ടൈംടേബിൾ

ജൂലൈ 26 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.എ./എം.എസ്.സി. / എം.കോം. / എം.സി.ജെ. / എം.എസ്.ഡബ്ല്യു. / എം.റ്റി.എ. / എം.എച്ച്.എം. / എം.എം.എച്ച്. / എം.റ്റി.റ്റി.എം. (സി.എസ്.എസ്.) (2018, 2017, 2016 അഡ്മിഷനുകൾ - സപ്ലിമെന്ററി / 2015, 2014, 2013, 2012 അഡ്മിഷനുകൾ - മെഴ്സി ചാൻസ്) ജൂലൈ 2022 ബിരുദാനന്തര ബിരുദ പരീക്ഷയുടെ ടൈംടേബിൾ കൂട്ടുതൽ പേപ്പറുകൾ ഉൾപ്പെടുത്തി പുതുക്കിയിരിക്കുന്നു. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/977/2022)

## പ്രാക്ടിക്കൽ പരീക്ഷ

ഒന്നാം സെമസ്റ്റർ ബി.വോക് സോഫ്റ്റ്വെയർ ഡെവലപ്മെന്റ് ആൻഡ് സിസ്റ്റം അഡ്മിനിസ്ട്രേഷൻ (പുതിയ സ്കീം - 2021 അഡ്മിഷൻ - റെഗുലർ) ജൂൺ 2022 ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 26 മുതൽ ആഗസ്റ്റ് ഒന്ന് വരെ മാറമ്പള്ളി എം.ഇ.എസ്. കോളേജിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/978/2022)

## പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (2014-2016 അഡ്മിഷൻ - റീ-അപ്പിയറൻസ് / 2013 അഡ്മിഷൻ - മെഴ്സി ചാൻസ്), ബി.എസ്.സി. സൈബർ ഫോറൻസിക് (2014-2018 അഡ്മിഷൻ - റീ-അപ്പിയറൻസ്) ആഗസ്റ്റ് 2022 ബിരുദ പരീക്ഷകൾ ആഗസ്റ്റ് 19 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/979/2022)

അനിൽകുമാർ ജി.
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)